ദേശാഭിമാനി 18 February 2018

# ചിത്രപാഠങ്ങളേകി ടി കലാധരൻ

കൊച്ചി > കുട്ടികൾക്ക് ചിത്രരചനയുടെ ബാലപാഠങ്ങൾ പകർന്നുനൽകി പ്രമുഖ ചിത്രകാരൻ ടി കലാധാരൻ. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വാർഷികദിനാഘോഷ പരിപാടികളുടെ ഭാഗമായാണ് കലാധരൻ സിഎംഎഫ്ആർഐ ജീവനക്കാരുടെ കുട്ടികൾക്ക് ചിത്രകലയെക്കുറിച്ച് അവബോധം നൽകിയത്. മറ്റുള്ളവർ വരച്ച ചിത്രങ്ങൾ അനുകരിക്കാതെ ചിത്രരചനയിൽ സ്വന്തമായ ശൈലി രൂപപ്പെടുത്തുകയാണ് വേണ്ടതെന്ന് അദ്ദേഹം കുട്ടികളോട് പറഞ്ഞു. കൃത്യമായ നിരീക്ഷണപാടവവും പ്രകൃതിയുടെ സൗന്ദര്യം കണ്ടെത്താനുള്ള കഴിവുമാണ് ചിത്രകാരന് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സിഎംഎഫ്ആർഐ റക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന വാർഷികദിനാഘോഷം സിനിമാസംവിധായകൻ ജി മാർത്താണ്ഡനും ടി കലാധരനും ചേർന്ന് ഉദ്ഘാടനംചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. റക്രിയേഷൻ ക്ലബ് പ്രസിഡന്റ് ഡോ.വി കൃപ സംസാരിച്ചു. സിഎംഎഫ്ആർഐയിലെ ജീവനക്കാരും അവരുടെ കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.